# കേരള സർവകലാശാല

നം. പി.ആർ.001/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം പരീക്ഷ

കേരള സർവകലാശാല 2015 ഒക്ടോബർ 21, നവംബർ ഒമ്പത് തീയതികളിൽ നടത്തിയ ബി.കോം (പാർട്ട് മൂന്ന് - ആന്വൽ സ്കീം - സപ്ലിമെന്ററി) പരീക്ഷയുടെ പേപ്പർ IX-ന്റെ പുന:പരീക്ഷ ആദ്യം പരീക്ഷ നടത്തിയ കേന്ദ്രങ്ങളിൽ ഫെബ്രുവരി നാല് രാവിലെ 9.30 മുതൽ നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഹാജരാകണം.

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഫെബ്രുവരി മൂന്ന്, നാല് തീയതികളിൽ ഹാൾടിക്കറ്റ് സഹിതം വന്ന് കൈപ്പറ്റണം.

### പ്രഭാഷണ പരമ്പര

കേരള സർവകലാശാല കനേഡിയൻ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കനേഡിയൻ സംസ്കാരവും സാഹിത്യവും എന്ന വിഷയത്തിൽ പ്രഭാഷണ പരമ്പര ഫെബ്രുവരി അഞ്ച്, ആറ് തീയകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ഹാളിൽ നടത്തും. താൽപര്യമുള്ള അദ്ധ്യാപകർ, ഗവേഷകർ, എം.ഫിൽ വിദ്യാർത്ഥികൾ ഫെബ്രുവരി നാലിനകം കനേഡിയൻ പഠനകേന്ദ്രവുമായി ബന്ധപ്പെടുക. പങ്കെടുക്കുന്ന അദ്ധ്യാപകർ ഡ്യൂട്ടി ലീവിന് അർഹരാണ്. ഫോൺ. 9446203008.

### സൂക്ഷ്മപരിശോധന : ഹാൾടിക്കറ്റ് ഹാജരാക്കണം

കേരള സർവകലാശാല 2015 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് സഹിതം പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഫെബ്രുവരി രണ്ട് മുതൽ 12 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

### ഗ്രഹങ്ങളുടെ അപൂർവ സംഗമം കാണാൻ അവസരം

വാനനിരീക്ഷകരിൽ കൗതുകമുണർത്തിക്കൊണ്ട് അഞ്ച് ഗ്രഹങ്ങളെയും ചന്ദ്രനേയും സൂര്യോദയത്തിന് മുമ്പ് കാണാൻ അപൂർവ്വമായി ലഭിക്കുന്ന അവസരം ഫെബ്രുവരി ആദ്യവാരങ്ങളിലാണ്. ഇത് കണക്കിലെടുത്ത് കേരള സർവകലാശാല വാനനിരീക്ഷണ കേന്ദ്രത്തിൽ ഫെബ്രുവരി നാല്, അഞ്ച് തീയതികളിൽ രാവിലെ നാല് മണിമുതൽ സൂര്യോദയം വരെ ദൂരദർശിനിയിലൂടെ കാണാൻ അവസരമൊരുക്കുന്നു. പ്രവേശനം പാസ്മൂലം നിയന്ത്രിച്ചിരിക്കുന്നു. ഫോൺ. 0471-2303732.

## നഴ്സ് : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഹെൽത്ത് സെന്ററിൽ കരാറടിസ്ഥാനത്തിൽ നഴ്സ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : ബി.എസ്സി നഴ്സിംഗ്. പ്രവൃത്തിപരിചയം അഭികാമ്യം. പ്രതിമാസ വേതനം : 11,000 രൂപ. പ്രായം 01.01.2016–ൽ 36 വയസ്സ് കവിയരുത്. (സംവരണവിഭാഗക്കാർക്ക് നിയമനാനുസൃത വയസ്സിളവ്). അവസാന തീയതി ഫെബ്രുവരി 10 വൈകിട്ട് 5.15. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## അറബി ബാലസാഹിത്യം: സെമിനാർ സമാപിച്ചു

കേരള സരവകലാശാല കാര്യവട്ടം അറബി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ അറബി ഭാഷയിലെ ബാലസാഹിത്യം : ഉത്ഭവവും വളർച്ചയും എന്ന വിഷയത്തിൽ സെനറ്റ് ചേംബറിൽ നടന്ന രാജ്യാന്തര സെമിനാർ സമാപിച്ചു. കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. മുഹമ്മദ് ബഷീർ പങ്കെടുത്തു.

## എം.എഡ് (നോൺ സി.എസ്.എസ്) പുതുക്കിയ വൈവ ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി രണ്ട് മുതൽ പന്തളം എൻ.എസ്.എസ് ട്രെയിനിംഗ് കോളേജിൽ നടത്തുവാനിരുന്ന എം.എഡ് (നോൺ സി.എസ്.എസ്) വൈവയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(ഒപ്പ്)

സർവകലാശാല മന്ദിരം, ഡോ. ലാൽ സി.എ.
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
01.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ